## പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2515 11-10-2011-ൽ മറുപടി നൽകേണ്ടത്.

**"ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എ.എ. അസീസ് (എം.എൽ.എ.)<br>ശ്രീ. കോവൂർ കുഞ്ഞുമോൻ (എം.എൽ.എ.)** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ബഹു. റവന്യൂ മന്ത്രി.** | |
| (എ) | 2011 മാർച്ച് 31 നുണ്ടായ ജീവനക്കാരുടെ വിരമിക്കലിന് ശേഷം ഡെപ്യൂട്ടി കളക്ടർ, തഹസിൽദാർ, ഡെപ്യൂട്ടി തഹസിൽദാർ, വില്ലേജ് ഓഫീസർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; | (എ) | ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ 27 ഉം തഹസിൽദാർ തസ്തികയിൽ 29 ഉം ഒഴിവുകൾ നിലവിലുണ്ട്. ഡെപ്യൂട്ടി തഹസിൽദാർ, വില്ലേജ് ഓഫീസർ തസ്തികകളിലെ ഒഴിവുകൾ പ്രെമോഷനിലൂടെ നികത്തിയിട്ടുള്ളതിനാൽ ടി തസ്തികകളിൽ നിലവിൽ ഒഴിവുകൾ ഒന്നുംതന്നെയില്ല. |
| (ബി) | പ്രസ്തുത തസ്തികകളിൽ എത്രയും പെട്ടെന്ന് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | കോടതി വിധിയുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിലെ എൽ.ഡി.സി/വില്ലേജ് അസിസ്റ്റന്റ് മുതലുള്ള തസ്തികകളിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റുകൾ പുന:പ്രസിദ്ധീകരിക്കുകയും തുടർന്ന് ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ താത്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ റിട്ട് ഹർജി 7711/2009 ന്റെ 27/9/2011 ലെ വിധിന്യായത്തിലെ നിർദ്ദേശങ്ങൾക്കു വിധേയമായി ടി ലിസ്റ്റ് അന്തിമമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. ടി ലിസ്റ്റ് അന്തിമമാക്കി തഹസിൽദാർ, ഡെപ്യൂട്ടി കളക്ടർ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | നിലവിലുള്ള സ്ഥലം മാറ്റത്തിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചാണോ റവന്യൂ വകുപ്പിൽ സ്ഥലം മാറ്റം നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (സി ) | പൊതുവായ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് റവന്യൂ വകുപ്പിലും സ്ഥലം മാറ്റങ്ങൾ നടത്തി വരുന്നത്. |
| (ഡി) | സ്ഥലം മാറ്റം സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ | (ഡി) | ലഭിച്ചിട്ടുണ്ട്. |
| (ഇ) | എങ്കിൽ പരാതികളിന്മേൽ എടുത്ത നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ? | (ഇ) | പരാതികൾ വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ